ഊർജ്ജ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികൾ

39 (424) ശ്രീ. എം. വി.. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഊർജ്ജ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 98 കിലോ മീറ്റർ 11 കെ.വി. ലൈനും, 225 കിലോ മീറ്റർ എൽ.റ്റി. ലൈനും വലിക്കുകയും 95 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി 13483 സർവ്വീസ് കണക്ഷനുകൾ നൽകാനായി മുട്ടിൽ പാടിച്ചിറ, പടിഞ്ഞാറെത്തറ എന്നിവിടങ്ങളിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിച്ചു കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പടിഞ്ഞാറേത്തറ ഡാമിനു മുകളിൽ 400 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും ബാണാസുര സാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റും സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. 10 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 16 കോടി രൂപ വകയിരുത്തുകയും അതിൽ 12 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ 10 കിലോ വാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു പ്രസ്തുത പദ്ധതിക്ക് ഇന്നവേഷൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള 14.5 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തിയതിൽ ഇനി 20 കിലോ മീറ്റർ 11 കെ.വി. ലൈനും, 75 കിലോമീറ്റർ എൽ.റ്റി. ലൈനും 15 ട്രാൻസ്ഫോർമറുകളും പൂർത്തീകരിക്കാനുണ്ട്. ഇതിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബാണാസുര സാഗർ ജലാശയത്തിൽ സ്ഥാപിക്കുന്ന 500 കിലോ വാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പ്ലാന്റും ഡാം ടോപ്പിൽ സ്ഥാപിക്കുന്ന 400 കിലോവാട്ട് സോളാർ പദ്ധതിയുമാണ് പൂർത്തിയാക്കാനുള്ളത്. യഥാക്രമം 9.25 കോടി രൂപയും 4.29 കോടി രൂപയുമാണ് ഈ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly